# തേങ്ങ

**കണ്ടെത്താം പറയാം**

**പണിയെടുക്കാനുള്ള തിടുക്കം കൊണ്ടോ തേങ്ങാപ്പൂള് തിന്നാനുള്ള കൊതി കൊണ്ടോ അല്ല "അമ്മാ നാൻ തേങ്കായ് പെറുക്കിക്കൂട്ടട്ടേ " എന്ന് എന്ന് അക്കമ്മ ചോദിച്ചത് പിന്നെ എന്തിനായിരിക്കാം?**

**തേങ്ങകൾ മഴ നനഞ്ഞു കിടക്കുന്നത് കണ്ടപ്പോൾ അക്കമ്മയ്ക്ക് വിഷമമായി തെങ്ങും തേങ്ങയും ഒന്നുമില്ലാത്ത നാട്ടിൽ നിന്നാണ് അവൾ വരുന്നത് അമ്മ തേവർക്ക് നേദിക്കാൻ വർഷത്തിലൊരിക്കൽ അവളുടെ അച്ഛൻ വാങ്ങി കൊടുക്കുന്ന തേങ്ങയാണ് അവൾക്ക് ആകെ കിട്ടുന്നത് .അതുകൊണ്ടാണ് തേങ്ങ പെറുക്കി കൂട്ടട്ടെ എന്ന് അവൾ ചോദിച്ചത്.**

**വീട്ടമ്മ വാതിൽ അടച്ചുപൂട്ടുമ്പോൾ പെട്ടിക്കുള്ളിൽ വച്ച് തന്നെ പൂട്ടുകയാണെന്ന് അക്കമ്മക്ക് തോന്നാൻ കാരണമെന്താവാം?**

**കാരണം അക്കമ്മയുടെ ഗ്രാമത്തിലുള്ള കുടിലുകൾ പരസ്പരം കൈകോർത്ത് പിടിച്ചു കിടക്കുന്നവയാണ്.തമ്മിൽ പൊത്തിപ്പിടിച്ചു ജീവിക്കുന്ന ഒരുകൂട്ടം മനുഷ്യരുടെ ഇടയിൽ നിന്ന് ബംഗ്ലാവിലെ കോണിച്ചോട്ടിലെ കുടുസ് മുറിയിൽ കിടക്കുമ്പോൾ അവൾക്ക് നേരിയ ഭയം തോന്നി.തന്നെ ഒരു പെട്ടിയിൽ ഇട്ടു പൂട്ടി പിന്നെ വലിയ പെട്ടികളിൽ ഒതുക്കി ഓരോ താഴും പൂട്ടുകയാണെന്ന് അക്കമ്മക്ക് തോന്നി. അവൾ പേടിച്ചു.പുതിയ സാഹചര്യത്തോട് പൊരുത്തപ്പെടാൻ ആകാത്തത് കൊണ്ടാണ് അവൾക്ക് അങ്ങനെ തോന്നിയത് .**

**പൊഴിഞ്ഞുകിടക്കുന്ന തേങ്ങകളെ അനാഥ കുഞ്ഞുങ്ങളായി സങ്കൽപ്പിച്ചിരിക്കുന്നത് എന്തുകൊണ്ടാണ്?**

**രാവിലെ ജനലിലൂടെ നോക്കിയപ്പോൾ പുറത്ത് കണ്ട കാഴ്ച അക്കമ്മയുടെ കരളലിയിപ്പിച്ചു. ഒരുപാട് തേങ്ങകൾ തെങ്ങിൻ ചുവട്ടിൽ പുല്ലുകൾക്കിടയിൽ മറഞ്ഞു കിടക്കുന്നുണ്ടായിരുന്നു. അവ മഴ നനഞ്ഞു മുഖം കരിഞ്ഞ് കണ്ണീരൊലിപ്പിച്ച് ആരും തിരിഞ്ഞുനോക്കാൻ ഇല്ലാത്ത അവസ്ഥയിലായിരുന്നു . അനാഥ കുഞ്ഞുങ്ങളുടെ അവസ്ഥയും ഏകദേശം ഇതുപോലെയാണ് അക്കമ്മയ്ക്ക് തേങ്ങകളെ അനാഥക്കുട്ടികളായാണ് തോന്നിയത് . അക്കമ്മയ്ക്ക് പ്രകൃതിയോടുള്ള സ്നേഹത്തിന്റെ ആഴം നമുക്കിവിടെ കാണാൻ സാധിക്കും.**

**അക്കമ്മയെ ഓടിച്ചെന്നു പുണർന്ന വീട്ടമ്മയുടെ മനോവിചാരങ്ങൾ എന്തായിരിക്കാം?**

**അക്കമ്മ തേങ്ങകളെല്ലാം പെറുക്കിക്കൂട്ടി തേങ്ങാ പുരയിൽ കൊണ്ട് ഇട്ടത് അറിഞ്ഞ വീട്ടമ്മ അക്കമ്മയെ കെട്ടിപ്പിടിച്ചു .വീട്ടമ്മയുടെ അച്ഛൻ പണ്ടുകാലത്ത് വളരെ കഷ്ടപ്പെട്ടാണ് മൊട്ടക്കുന്ന് ഒരു തെങ്ങിൻതോപ്പാക്കി മാറ്റിയത് .അച്ഛൻ തെങ്ങുകളെ സ്വന്തം കുഞ്ഞുങ്ങളെ പോലെയാണ് പോറ്റി വളർത്തിയത്. തെങ്ങിന് തീറ്റ**

നൽകാൻ വേണ്ടി അച്ഛൻ അമ്മയുടെ ആഭരണങ്ങൾ വിറ്റിരുന്നു. അത്രക്കും ജീവനായിരുന്നു അച്ഛന് തെങ്ങുകൾ. അക്കമ്മ തോപ്പിൽ വീണ തേങ്ങകൾ പെറുക്കിക്കൂട്ടിയത് കണ്ടപ്പോൾ  വീട്ടമ്മ തന്റെ അച്ഛനെക്കുറിച്ച് ഓർത്തു.